"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട ടി.ചന്ദ്രൻ-ന്റെ മകൾ കുമാരി. ദേവി ചന്ദന.കെ- ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇയു)വകുപ്പ്**

സ.ഉ.(കൈ) നം.46/2025/LSGD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:-
1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. കുമാരി ദേവി ചന്ദന.കെ സമർപ്പിച്ച 25.08.2022 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2023 തീയതിയിലെ LSGD/PD/8180/2023-DEF1നമ്പർ കത്ത്.
5. കണ്ണൂർ ജില്ലാ കളക്ടറുടെ 05.02.2025 തീയതിയിലെ DCKNR/3312/2024-A5 നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 07.04.2016 തീയതിയിൽ മരണപ്പെട്ട ടി.ചന്ദ്രൻ-ന്റെ മകൾ കുമാരി ദേവി ചന്ദന കെ (ദേവിചന്ദന വയലളം, ടെമ്പിൾ ഗേറ്റ് .പി.ഒ, തലശ്ശേരി, കണ്ണൂർ പിൻ- 670102) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി.ചന്ദ്രന്റെ സേവനകാലം 27വർഷം 08 മാസം, 07 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 30.05.1960, 01.08.1988 ആണ്. പ്രിൻസിപ്പൽ ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് പരാമർശം 4, 5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. കുമാരി ദേവി ചന്ദന.കെ, പ്ലസ് ടു വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തിയതി 06.08.2004 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (25.08.2022) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി ടി.ചന്ദ്രൻ-ന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് തലശ്ശേരി നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. ടിയാന്റെ കുടുബവാർഷിക വരുമാനം 36,000/- (മുപ്പത്തിയാറായിരം രൂപ മാത്രം) രൂപയാണെന്ന് കോടിയേരി വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ടിയാൾ അവിവാഹിതയാണ്. കണ്ണൂർ ജില്ലയിൽ

ക്ലാർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൾ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3. പരാമർശം(2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചു കൊള്ളാമെന്നുള്ള സംരക്ഷണ സമ്മതമൊഴിയും ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം 14.07.2023 ലെ സ.ഉ (പി) നം.12/2023/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25%തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും നൽകിയിട്ടുണ്ട് .

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 07.04.2016 തീയതിയിൽ മരണപ്പെട്ട ടി.ചന്ദ്രൻ-ന്റെ മകൾ കുമാരി ദേവി ചന്ദന കെ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പകർപ്പ്:
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.
സെക്രട്ടറി, തലശ്ശേരി നഗരസഭ
ജില്ലാ കളക്ടർ , കണ്ണൂർ.
കുമാരി ദേവി ചന്ദന കെ (ദേവിചന്ദന വയലളം, ടെമ്പിൾ ഗേറ്റ് .പി.ഒ, തലശ്ശേരി, കണ്ണൂർ പിൻ-670102)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/166/2023-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 07-03-2025 15:06:24
സെക്ഷൻ ഓഫീസർ